പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3261

24.06.2013-ൽ മറുപടി
നൽകേണ്ടിയിരുന്നത്

## കരാർ വ്യവസ്ഥയിൽ വാഹനങ്ങൾ

| | ചോദ്യം<br>ശ്രീമതി. പി. അയിഷാ പോറ്റി | | അന്തിമ മറുപടി<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | കൊല്ലം ജില്ലയിൽ ഏതെല്ലാം സർക്കാർ ആഫീസുകളിലാണ് കരാർ അടിസ്ഥാനത്തിൽ വാഹനങ്ങൾ ലഭ്യമാക്കിയിട്ടുള്ള തെന്ന് വിശദമാക്കുമോ : | (എ) | കൊല്ലം ജില്ലയിൽ പ്രിൻസിപ്പൽ കൃഷി ആഫീസർ, ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), കൊട്ടാരക്കര താലൂക്കാഫീസ്, കൊല്ലം (ആർ ആർ) ആഫീസ്, കുന്നത്തൂർ താലൂക്കാഫീസ്, പത്തനാപുരം താലൂക്കാഫീസ് എന്നീ ആഫീസുകളിൽ കരാറടിസ്ഥാനത്തിൽ വാഹനങ്ങൾ എടുത്തിട്ടുണ്ട്. കൂടാതെ ദേശീയ പാതാ വികസനവുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിൽ സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ LA NH (AI), സ്പെഷ്യൽ തഹസിൽദാർ LA NH (AI)Unit No:1 ചാത്തന്നൂർ, നമ്പർ 2 അയത്തിൽ, നമ്പർ 3 കാവനാട്, കൊല്ലം എന്നീ ആഫീസുകളിലും കരാറടിസ്ഥാനത്തിൽ വാഹനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | കരാർ അടിസ്ഥാനത്തിൽ വാഹനങ്ങൾ ലഭ്യമാക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ : | (ബി) | 1. ക്വട്ടേഷൻ നടപടികൾ പ്രകാരമാണ് വാഹനങ്ങൾ (ഡ്രൈവർ ഉൾപ്പെടെ) എടുത്തിട്ടുള്ളത്.<br>2. ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്തിട്ടുള്ള കരാറുകാരനാണ് കരാർ അനുവദിക്കുന്നത്.<br>3. കരാർ അടിസ്ഥാനത്തിൽ എടുക്കുന്ന വാഹനങ്ങളുടെ അറ്റകുറ്റപണികൾ, ഇന്ധന ചെലവുകൾ, ഡ്രൈവറുടെ ബത്ത, വാഹനത്തെ സംബന്ധിച്ച മറ്റ് ചെലവുകൾ എന്നിവ കരാറുകാരൻ വഹിക്കേണ്ടതാണ്. |
| (സി) | കരാർ അടിസ്ഥാനത്തിൽ വാഹനങ്ങൾ ഉപയോഗിക്കുന്ന ആഫീസുകളിൽ ഡ്രൈവർമാർ നിലവിലുള്ള ഓഫീസുകൾ ഏതെല്ലാമാണ് : | (സി) | കരാർ അടിസ്ഥാനത്തിൽ വാഹനം എടുത്ത കൊല്ലം ജില്ലയിൽ പ്രിൻസിപ്പൽ കൃഷി ആഫീസർ, ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), കൊട്ടാരക്കര താലൂക്കാഫീസ്, കൊല്ലം (ആർ ആർ) ആഫീസ്, കുന്നത്തൂർ |

| | | | |
|---|---|---|---|
| | | | താലൂക്കാഫീസ്, പത്തനാപുരം താലൂക്കാഫീസ് എന്നീ ആഫീസുകളിൽ നിലവിലുള്ള വാഹനത്തിനായി സ്ഥിരം ഡ്രൈവർ നിലവിലുള്ളതാണ്. |
| (ഡി) | കരാർ അടിസ്ഥാനത്തിൽ ഓടുന്ന വാഹനങ്ങൾക്കായും ഡ്രൈവർക്കുള്ള ബത്തയായും ഓരോ ആഫീസിൽ നിന്നും കഴിഞ്ഞ സാമ്പത്തിക വർഷം എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | (ഡി) | കരാർ അടിസ്ഥാനത്തിൽ എടുത്ത വാഹനങ്ങൾക്കായി വിവിധ ആഫീസുകളിൽ കഴിഞ്ഞ സാമ്പത്തിക വർഷം ചെലവഴിച്ച തുകകൾ ചുവടെ ചേർക്കുന്നു. |

| ക്രമ നമ്പർ | ആഫീസിന്റെ പേര് | തുക |
|---|---|---|
| 1 | താലൂക്കാഫീസ് കുന്നത്തൂർ | 86,815/- രൂപ |
| 2 | താലൂക്കാഫീസ്, കൊട്ടാരക്കര | 1,84,493/- രൂപ |
| 3 | ആർ.ആർ. താലൂക്കാഫീസ്, കൊല്ലം. | 67,714/- രൂപ |
| 4 | പ്രിൻസിപ്പൽ കൃഷി ആഫീസർ, കൊല്ലം | 25,463/- രൂപ |
| 5 | ഡി.എം.ഒ ആഫീസ് (ആരോഗ്യം), കൊല്ലം | 23,79,751/- രൂപ |
| 6 | താലൂക്കാഫീസ്, പത്തനാപുരം | 56,772/- രൂപ |
| 7 | സ്പെഷ്യൽ തഹസിൽദാർ LA NH (AI)Unit No:1 ചാത്തന്നൂർ | 2,18,680/- രൂപ |
| 8 | സ്പെഷ്യൽ തഹസിൽദാർ LA NH (AI)Unit നമ്പർ 2 അയത്തിൽ | 2,42,883/- രൂപ |
| 9 | സ്പെഷ്യൽ തഹസിൽദാർ LA NH (AI)Unit നമ്പർ 3 കാവനാട് | 2,18,120/- രൂപ |
| 10 | സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ, കോമ്പീറ്റന്റ് അതോറിറ്റി LA NH (AI), കൊല്ലം | 2,50,000/- രൂപ |

സെക്ഷൻ ഓഫീസർ